8514
10/5/19

**കേരള സർക്കാർ**

**സംഗ്രഹം**

ചാലിയം ഡിപ്പോയിൽ 01.10.2015 ൽ നടന്ന ഇ - ലേലത്തിൽ ലോട്ട് നമ്പർ 340/15 – ൽ ശ്രീമതി പ്രവീണ വി മുരളി, എസ്. പി. എം - എസ് ക്വാർട്ടേഴ്സ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി തെറ്റായി രേഖപ്പെടുത്തിയ തുകയിൽ ഇളവ് നൽകി ലേലക്കാരിയിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.40/2019/വനം                    തീയതി, തിരുവനന്തപുരം, 04/02/2019

---

പരാമർശം :- 1. ശ്രീമതി. പ്രവീണ. വി. മുരളി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) മുമ്പാകെ സമർപ്പിച്ച നിവേദനം.

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്) ന്റെ 29/09/2018 ലെ എഫ് 4/2018 നമ്പർ കത്ത്.

3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) -ന്റെ 26/3/2018, 11/10/2018 തീയതികളിലെ പ്രൊ (4)- 44811/17 നമ്പർ കത്തുകൾ.

**ഉത്തരവ്**

ചാലിയം ഡിപ്പോയിൽ 01.10.2015-ാം തീയതി നടന്ന ഇ - ലേലത്തിൽ 340/15 നമ്പർ ലോട്ടിന്റെ ലേലത്തുക ടൈപ്പ് ചെയ്തതിൽ വന്ന അബദ്ധം കാരണം 1,12,000/- രൂപയ്ക്ക് പകരം 11,20,000/- രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയതു അജ്ഞത മൂലവും, കൃത്യമായ ഉപദേശം യഥാസമയം ലഭിക്കായ്ക മൂലവും ആണെന്നും പ്രസ്തുത തെറ്റും കാലവിളംബവും മാപ്പാക്കി മറ്റു നിയമനടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവാകണമെന്ന് പരാമർശം 1 - ലെ കത്ത് പ്രകാരം ശ്രീമതി. പ്രവീണ. വി. മുരളി, എസ്. പി. എം - എസ് ക്വാർട്ടേഴ്സ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) - നോട് അഭ്യർത്ഥിച്ചിരുന്നു.

2. കോഴിക്കോട് ടിമ്പർ ഡിവിഷന് കീഴിലുള്ള ചാലിയം ഡിപ്പോയിൽ 01.10.2015-ാം തീയതി നടന്ന ഇ - ലേലത്തിൽ ശ്രീമതി. പ്രവീണ വി മുരളി പങ്കെടുക്കുകയും ലോട്ട് നമ്പർ 340/2015, 345/15 എന്നിവ ലേലത്തിൽ വിളിച്ചെടുക്കുകയും ഇതിൽ 345/15-ാം നമ്പർ ലോട്ട് മുഴുവൻ തുകയും അടച്ച് ലേലക്കാരി നീക്കം ചെയ്തിട്ടുള്ളതുമാണെന്നും, എന്നാൽ 340/2015

എന്ന ലോട്ടിന് യാതൊരു തുകയും അടച്ചിരുന്നില്ലെന്നും, ടി ലോട്ടിന്റെ വില 11,20,000/- എന്നാണ് ശ്രീമതി. പ്രവീണ മുരളി രേഖപ്പെടുത്തിയതെന്നും, ലോട്ട് നമ്പർ 340/2015 പുനർലേലത്തിൽ വിൽപന ആകുകയും ക്യൂബിക് മീറ്ററിന് 1,05,600/- രൂപ നിരക്കിൽ വിറ്റു പോവുകയുമുണ്ടായിയെന്നും, ശ്രീമതി. പ്രവീണ വി മുരളി തെറ്റായി ബിഡ് ചെയ്ത തുകയും പുനർലേലത്തിൽ ലഭിച്ച തുകയും തമ്മിലുള്ള അന്തരം വളരെ കൂടുതലായതിനാൽ സർക്കാർ നഷ്ടം കണക്കാക്കുമ്പോൾ വളരെ വലിയ തുക സർക്കാർ നഷ്ടമായി വരുന്നതാണെന്നും പരാമർശം 2 - ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്) ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം -3 പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

3) ശ്രീമതി. പ്രവീണ വി മുരളി ലേലത്തിൽ പങ്കെടുത്ത സമയത്തെ മാർക്കറ്റ് നിരക്കുകളും, ലോട്ടിന്റെ ഷെഡ്യൂൾ നിരക്കും, ആവറേജ് നിരക്കും വച്ച് നോക്കുമ്പോൾ തുക തെറ്റായി രേഖപ്പെടുത്തിയെന്ന അപേക്ഷകയുടെ വാദം മുഖവിലയ്ക്ക് എടുക്കാവുന്നതാണെന്നും, ലേലക്കാരി യഥാർത്ഥത്തിലുദ്ദേശിച്ച 1,12,000/- രൂപ ബിഡ് ചെയ്ത തുകയായി കണക്കിലെടുത്ത് സർക്കാർ നഷ്ടം കണക്കാക്കാവുന്നതാണെന്നും ആയത് ശ്രീമതി. പ്രവീണ വി മുരളിയിൽ നിന്നും ഈടാക്കാവുന്നതാണെന്നും, മനുഷ്യസഹജമായ ഈ തെറ്റിന് ഭീമമായ തുക പിഴ ഈടാക്കുന്നത് ഇ - ലേല സംവിധാനത്തെ പൊതുജനങ്ങൾ നേരിട്ട് ആശ്രയിക്കാതെ ഏജന്റുമാരെ സമീപിക്കാനുള്ള സാധ്യത കൂട്ടും എന്നതിനാലും, നടപടിക്രമങ്ങളിലെ അജ്ഞത കാരണമാണ് ലേലക്കാരി അപ്പീൽ നൽകാൻ താമസിച്ചത് എന്ന അവകാശവാദം അംഗീകരിച്ചും ആദ്യ ലേലത്തിൽ ലേലക്കാരി യഥാർത്ഥത്തിൽ ഉദ്ദേശിച്ചിരുന്ന 1,12,000/- രൂപ ബിഡ് റേറ്റായി നിജപ്പെടുത്തി സർക്കാർ നഷ്ടം നിയമാനുസൃതം കണക്കാക്കി, നിലവിലുള്ള ലേലവ്യവസ്ഥകളിൽ 14 ബി, സി എന്നിവയിൽ ഇളവു നൽകികൊണ്ട് ഇ-ലേലത്തിൽ ശ്രീമതി പ്രവീണ വി മുരളി ലോട്ട് നമ്പർ 340/15 – ൽ 11,20,000/- രൂപ എന്നത് അബദ്ധത്തിൽ രേഖപ്പെടുത്തിയതാണെന്ന് അംഗീകരിച്ചുകൊണ്ട്, തെറ്റായി രേഖപ്പെടുത്തിയ തുകയിൽ ഇളവ് നൽകി ടിയാൾ ഉദ്ദേശിച്ച 1,12,000/- രൂപ നിരക്കിൽ ടി ലോട്ടിന് പുനർലേലത്തിൽ ലഭിച്ച 1,05,600/- എന്ന നിരക്കുമായി താരതമ്യം ചെയ്ത് ആയത് ശ്രീമതി. പ്രവീണ വി മുരളിയിൽ നിന്നും ഈടാക്കാവുന്നതാണെന്നും പരാമർശം - 3 പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ ശുപാർശ പ്രകാരം നിലവിലുള്ള ലേലവ്യവസ്ഥകളിൽ 14 ബി, സി എന്നിവയിൽ ഇളവു നൽകികൊണ്ട്, ചാലിയം ഡിപ്പോയിൽ 01.10.2015-ാം തീയതി നടന്ന ഇ-ലേലത്തിൽ ശ്രീമതി. പ്രവീണ വി മുരളി ലോട്ട് നമ്പർ 340/15–ൽ 11,20,000/- രൂപ എന്നത് അബദ്ധത്തിൽ രേഖപ്പെടുത്തിയതാണെന്ന് അംഗീകരിച്ചുകൊണ്ട്, തെറ്റായി രേഖപ്പെടുത്തിയ തുകയിൽ ഇളവ് നൽകി ലേലക്കാരി ഉദ്ദേശിച്ച 1,12,000/- രൂപ നിരക്കിൽ ടി ലോട്ടിന് പുനർലേലത്തിൽ

ലഭിച്ച 1,05,600/- എന്ന നിരക്കുമായി താരതമ്യം ചെയ്ത് ലേലക്കാരിയിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**അനിൽകുമാർ വി. എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (യു.ഒ നം.അഗ്രി-എ 1/173/2018-ധന തീയതി 24.11.2018 പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ